2. താലോലം : 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് ക്യാൻസർ അല്ലാത്ത എന്നാൽ ക്യാൻസർ ചികിത്സപോലെ ചെലവേറിയ ചികിത്സകൾക്ക് 50,000 രൂപ വരെയുള്ള സൗജന്യ ചികിത്സ ഈ പദ്ധതി പ്രകാരം ലഭ്യമാകും.

3. പട്ടിക വർഗ്ഗക്കാർക്ക് സൗജന്യ ക്യാൻസർ ചികിത്സ നൽകി വരുന്നുണ്ട്.

4. എൻഡോസൾഫാൻ ബാധിതർക്കായുള്ള സ്നേഹസാന്ത്വനം സൗജന്യ ചികിത്സാപദ്ധതി

5. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ ചിസ്സ് പ്ലസ്സ്- ഇതു പ്രകാരം 70,000 രൂപ വരെ ചികിത്സാസഹായം ലഭിക്കും.

6. കാരുണ്യ ബെനവലന്റ് ഫണ്ട് : ഈ പദ്ധതി പ്രകാരം 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ക്യാൻസർ രോഗികൾക്ക് 2 ലക്ഷം രൂപവരെ ചികിത്സാ സഹായം ലഭിക്കും.

7. ക്യാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്.

8. പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികജാതിയിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നു.

9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നു.

10. ആരോഗ്യവകുപ്പിന്റെകീഴിലുള്ള "Society for Poor"എന്ന പദ്ധതി പ്രകാരം ചികിത്സാസഹായം നൽകിവരുന്നു.

11. സുകൃതം : ബി.പി.എൽ. വിഭാഗത്തിലുള്ള ക്യാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള ചികിത്സ സൗജന്യമായി നൽകുന്നു.

വിഷലിപ്തമായ ഭക്ഷണ പാനീയങ്ങൾ

55 (2264) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങളിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും കീടനാശിനികൾ അമിതമായി ഉപയോഗിക്ക പ്പെടുന്നവയുമാണെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇവ കണ്ടെത്തുന്നതിനും തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(സി) ഇതു സംബന്ധമായി ജനങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാണുന്നുണ്ട്.

(ബി) അന്യസംസ്ഥാനത്തു നിന്ന് കൊണ്ടുവരുന്നതുൾപ്പെടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാ ഭക്ഷണ സാധനങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്ന ഉല്പന്നങ്ങൾ കച്ചവടം നടത്തുന്നവർക്കെതിരെയും ഉല്പാദിപ്പിക്കുന്നവർക്കെതിരെയും വിതരണം നടത്തുന്നവർക്കെതിരെയും 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങൾ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന വ്യാപകമായി ഇതുസംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനായി വ്യാപാരികൾക്കും പൊതുജനങ്ങൾക്കുമായി ഇതിനകം മൂവായിരത്തിലധികം ക്ലാസ്സുകൾ ഭക്ഷ്യസുരക്ഷവകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി കൂടുതൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിത ഭക്ഷണം ആരോഗ്യത്തിനാധാരം' പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളുകളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ജംഗ്ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക, പാൻമസാല എന്നിവയെക്കുറിച്ചുള്ള ദൃശ്യവശങ്ങളെപ്പറ്റി പരിശീലനം ഇതിനകം നൽകിക്കഴിഞ്ഞു. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാത് സ്കൂളുകളിലെ മറ്റ് കുട്ടികൾക്ക് പരിശീലനം നൽകുന്നതാണ്. ടി പരിപാടി ഈ വർഷം മറ്റ് സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുൾപ്പെടെയുള്ളകാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly